# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

# ചിറക്കൽ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2024-2025

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**കണ്ണൂർ**

**670001**

**ഇ-മെയിൽ: doknr.ksad@kerala.gov.in**

**ഫോൺ : 0497-2707698**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.7/1570/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 20/11/2025
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചിറക്കൽ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ചിറക്കൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിറക്കൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.7/1570/2025 തീയ്യതി: 20/11/2025

## കണ്ണൂർ ജില്ലയിലെ ചിറക്കൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ചിറക്കൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-09-2024 മുതൽ 07-09-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 47 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 35 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 17-09-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സി.വി. ജ്യോതിഷ് കുമാർ | ഡെപ്യൂട്ടി ഡയറക്ടർ | 08-09-2025 | 17-09-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-09-2025 | 17-09-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. പ്രദീപ് കുമാർ. എം, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ. കനകരാജൻ. ഇ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി. വനജ മാടത്താൻകണ്ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി. രേഷ്മ. പി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ശ്രുതി. പി | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ. രതീഷ് കുമാർ. പി.വി | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ജോർജ്. വി.എ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| ശ്രീമതി. പ്രിയ.ആർ.നായർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ശ്രീ. ആദർശ്. കെ.കെ | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ. ഷനിൽ. എം | വി.ഇ.ഒ, കാട്ടാമ്പള്ളി സർക്കിൾ | 01-04-2024 | 31-03-2025 |
| ശ്രീമതി. സന്ധ്യ. വി.സി | വി.ഇ.ഒ, ചിറക്കൽ സർക്കിൾ | 01-04-2024 | 01-11-2024 |
| ശ്രീ. ഷനിൽ. എം | വി.ഇ.ഒ, ചിറക്കൽ സർക്കിൾ (അഡിഷനൽ ചാർജ്ജ് | 02-11-2024 | 25-11-2024 |
| ശ്രീ. അരുൺ കുമാർ. എം | വി.ഇ.ഒ, ചിറക്കൽ സർക്കിൾ | 26-11-2024 | 31-03-2025 |
| ഡോ. സോജ്. ആർ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2024 | 31-03-2025 |
| ഡോ. സ്മിത.എസ്.പിള്ള | വെറ്റിനറി സർജ്ജൻ | 01-04-2024 | 31-03-2025 |
| ശ്രീമതി. ഷബില. കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 15-04-2024 |
| ശ്രീമതി. വിനോദിനി. എം.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 16-04-2024 | 31-03-2025 |
| ശ്രീ. സജിത്ത്. എ.കെ | ഹെഡ് മാസ്റ്റർ | 01-04-2024 | 31-03-2025 |
| ശ്രീ. അരുൺ സുരേഷ് | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി. ബോബി. ആർ.എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ. ബിന്ദു ടി | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | 01-04-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1. |
| 2 | ഇൻകം ഓവർ എക്സ്പെന്റിച്ചർ - മിച്ചതുക കണക്കാക്കിയതിലെ അപാകം. | 1-1-1 |
| 3 | ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെട്ടു ത്തുന്നില്ല. | 1-1-3 |
| 5 | ബാലൻസ് ഷീറ്റ് B-11 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ ₹10,15,922 യുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-1-4 |
| 6 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ എഴുതി കാലികമാക്കി സൂക്ഷിക്കുന്നില്ല. | 1-1-5 |
| 7 | മുൻകൂർ നല്കിയ തുക സമയബന്ധിതമായി ക്രമീകരിച്ചിട്ടില്ല. | 1-1-6 |
| 8 | 3 മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയില്ല. | 1-1-7 |
| 9 | Stale Cheque - ബാധ്യതയിൽ നിന്നും വരുമാന ശീർഷകത്തിലേക്ക് മാറ്റിയില്ല. | 1-1-8 |
| 10 | അക്കൗണ്ടിംഗ് ചട്ട പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല. | 1-1-9 |
| 11 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല. | 1-1-10 |
| 12 | ഭൂമിയുടെ യഥാർത്ഥ മൂല്യം വാർഷിക ധനകാര്യപത്രികയിൽ പ്രതിഫലിക്കുന്നില്ല. | 1-1-11 |
| 13 | ഡിപ്രീസിയേഷൻ കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. | 1-1-12 |
| 14 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-13 |
| 15 | ക്ലോസിങ് സ്റ്റോക്ക് രേഖപ്പെടുത്തിയിട്ടില്ല. | 1-1-14 |
| 16 | ഡപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുക B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയില്ല. | 1-1-15 |
| 17 | ഹഡ്കോ വായ്പ - വാർഷിക കണക്കിലെ തുകകൾ പൊരുത്തപ്പെടുന്നില്ല. | 1-1-16 |
| 18 | ബജറ്റ് | 1-2 |
| 19 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 20 | ഫണ്ട് വിനിയോഗം | 1-4 |
| 21 | പദ്ധതി അവലോകനം | 1-5 |
| 22 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6. |
| 23 | ക്ഷേമ പദ്ധതികൾ | 1-7 |
| 24 | ക്യാഷ് പരിശോധന | 1-8 |
| 25 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 26 | ഗ്രാമസഭ | 1-10 |
| 27 | പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ള കെട്ടിടങ്ങളെ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളായി കണക്കാക്കി കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കി | 1-11 |
| 28 | 60 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് വസ്തു നികുതി ഒഴിവാക്കി നൽകി. | 1-12 |
| 29 | ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകി | 1-13 |
| 30 | അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല | 1-14 |
| 31 | വസ്തു നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ് | 1-15 |
| 32 | തൊഴിൽ നികുതി -പിഴ ഈടാക്കുന്നതിലെ അപാകം | 1-16 |
| 33 | പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഫീസ് ഈടാക്കിയില്ല. | 1-17 |

| | | |
|---|---|---|
| 34 | തനത് വരുമാനം പലിശരഹിത അക്കൗണ്ടിൽ നിലനിർത്തുന്നു. | 1-18 |
| 35 | എ ബി സി പദ്ധതി പഞ്ചായത്ത് വിഹിതം നൽകൽ–വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല-₹100000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-19 |
| 36 | പൊതു ടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ– സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം ക്രമീകരിക്കേണ്ടതാണ്. | 1-20 |
| 37 | മാലിന്യ സംസ്കരണ പ്ലാൻറ് നിർമ്മാണം- നിർവഹണത്തിലെ അപാകങ്ങൾ–₹7434998 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-21 |
| 38 | മഴക്കാല പൂർവ്വ ശുചീകരണം- മുൻകൂർ തുക ചെലവഴിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല-40000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-22 |
| 39 | ഇടവിളകൃഷി വിത്ത് കിറ്റ് വിതരണം–നിർവ്വഹണത്തിലെ അപാകങ്ങൾ– 230500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-23 |
| 40 | കവുങ്ങ് കൃഷി വികസനം– നിർവ്വഹണത്തിലെ അപാകങ്ങൾ– 45000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-24 |
| 41 | മുൻകൂർ തുക നല്കിയിട്ടും ഹോമിയോ മരുന്ന് ലഭ്യമാക്കിയിട്ടില്ല- ₹2,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-25 |
| 42 | ജാഗ്രത സമിതിക്ക് പരാതി ബോക്സും ഇൻഫർമേഷൻ ബോർഡും - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ, ₹94,630 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-26 |
| 43 | സ്ത്രീധന വിരുദ്ധ പ്രചാരണ ക്യാമ്പയിൻ - ചെലവ് രേഖകളിലെ അപാകങ്ങൾ - ₹4,980 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-27 |
| 44 | മെൻസ്ട്രൂവൽ കപ്പ് വിതരണം – പ്രോജക്ട് നിർവഹണം സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയില്ല- ₹514787യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-28 |
| 45 | പി എച്ച് സി ക്ക് ഇൻവെർട്ടർ വാങ്ങൽ – രേഖകൾ ലഭ്യമാക്കിയില്ല – ₹2,61,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.. | 1-29 |
| 46 | ചിറക്കൽ പി എച്ച് സി യിൽ താത്കാലികമായി നിയമിച്ച ജീവനക്കാർക്ക് ഹോണറേറിയം നൽകൽ – ചെലവ് രേഖകൾ ലഭ്യമാക്കിയില്ല- ₹51,035 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-30 |
| 47 | കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ (സ്പിൽ ഓവർ) – ചെലവ് രേഖകൾ ലഭ്യമാക്കിയില്ല – ₹27,670 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-31 |
| 48 | ലൈഫ് ഭവന നിർമ്മാണം - പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-32 |
| 49 | മരാമത്ത് പ്രവൃത്തികൾ - മാർഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 1-33 |
| 50 | ആസ്തി പരിപാലനം-കാര്യക്ഷമമാക്കേണ്ടതാണ് | 1-34 |
| 51 | ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. | 1-35 |
| 52 | ചിറക്കൽ ഗ്രാമപഞ്ചായത്തിലെ ജൽ ജീവൻ മിഷൻ പദ്ധതി അവലോകനം | 1-36 |
| 53 | ഹെൽത്ത് ഗ്രാന്റ് - 2021-22 മുതൽ 2024-25 വരെയുള്ള വരവ് ചെലവ് വിവരങ്ങൾ - അവലോകനം. | 1-37 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം -ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-5 |

| | | |
|---|---|---|
| 6 | വായ്പ/വായ്പ തിരിച്ചടവ്. | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-9 |
| 10 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

# പൊതു അവലോകനം

## 1-1. ഓഡിറ്റ് സാക്ഷ്യപത്രം

1) കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ചിറക്കൽ ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 10-06-2025 തീയതിയിലെ 170/2025 നമ്പർ തീരുമാന പ്രകാരം തയ്യാറാക്കി 25-06-2025 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചിറക്കൽ ഗ്രാമ പഞ്ചായത്തിന്റെ 31-03-2025 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെക്കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3)എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചിറക്കൽ ഗ്രാമ പഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

കണ്ണൂർ,
20.11.2025.

### 1-1-1 ഇൻകം ഓവർ എക്സ്പെൻഡിച്ചർ - മിച്ചതുക കണക്കാക്കിയതിലെ അപാകം.

ഇൻകം ഏന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയ മിച്ചതുകയായ ₹22026970 യഥാർത്ഥ മിച്ചതുകയായ ₹20415258 യുമായി പൊരുത്തപ്പെടുന്നില്ല. Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കേണ്ടതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പഞ്ചായത്തിന്റെ ആകെ വരുമാനം (A) | | 284600471 |
| ആകെ ചെലവ് (B) | | 263379357 |
| മിച്ചം തുക C= A-B | | 21221114.00 |

| | | |
|---|---|---|
| Prior Period Income I-19 | 91192 | |
| Prior Period Expenditure I-18 | 897048 | |
| Net Difference Between Prior Period Income And Expenses I-19-I-18 (D) | | -805856 |
| Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D | | 20415258 |

യഥാർത്ഥ മിച്ച തുക തന്നെയാണ് ബാലൻസ് ഷീറ്റിലേക്ക് ക്യാരിഓവർ ചെയ്തിട്ടുള്ളത്.

**1-1-2 ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.**

ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. Distress Relief Fund ബി-2 ഷെഡ്യൂൾ പ്രകാരം ₹100601യും ബി-17 ഷെഡ്യൂൾ പ്രകാരം ₹100401 യുമാണ്.

**1-1-3 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടു ത്തുന്നില്ല.**

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. പ്രധാന വരവിനങ്ങൾക്ക് 23-11-2024, 07-12-2024, 31-03-2025 തീയതികളിൽ മാത്രമാണ് അക്രൂവൽ എൻട്രികൾ നൽകിയിട്ടുള്ളത്.

**1-1-4 ബാലൻസ് ഷീറ്റ് B-11 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ ₹10,15,922 യുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.**

ബാലൻസ് ഷീറ്റ് B-11 ഷെഡ്യൂൾ ഫിക്സഡ് അസറ്റ് ഹെഡിൽ രേഖപ്പെടുത്തിയ ₹10,15,922 യുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. മുൻവർഷവും B-11 ഷെഡ്യൂളിൽ ഇതേ തുക തന്നെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

**1-1-5 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ എഴുതി കാലികമാക്കി സൂക്ഷിക്കുന്നില്ല.**

വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ എഴുതി കാലികമാക്കി സൂക്ഷിക്കുന്നില്ല (അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, വായ്പ രജിസ്റ്റർ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ (മാന്വൽ), ടെണ്ടർ ഫീ രജിസ്റ്റർ).

**1-1-6 മുൻകൂർ നല്കിയ തുക സമയബന്ധിതമായി ക്രമീകരിച്ചിട്ടില്ല.**

മുൻകൂർ നല്കിയ തുകകൾ സമയബന്ധിതമായി ക്രമീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ B-18 ഷെഡ്യൂളിൽ ചേർത്ത തുകകളുടെ സാധുത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

**1-1-7 3 മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയില്ല.**

വ്യക്തികൾ/സ്ഥാപനങ്ങൾക്ക് നല്കി 3 മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയില്ല.

**1-1-8 Stale Cheque - ബാധ്യതയിൽ നിന്നും വരുമാന ശീർഷകത്തിലേക്ക് മാറ്റിയില്ല.**

Stale Cheque - ബാധ്യതയിൽ നിന്നും വരുമാന ശീർഷകത്തിലേക്ക് മാറ്റിയില്ല. 2023-24 വർഷം രേഖപ്പെടുത്തിയ തുക തന്നെയാണ് 2024-25 വാർഷിക കണക്കിലും ഉൾപ്പെടുത്തിയിട്ടുള്ളത്.

**1-1-9 അക്കൗണ്ടിംഗ് ചട്ട പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല.**

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 62 F പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), ചട്ടം 62 (3) പ്രകാരം ഉൾപ്പെടുത്തേണ്ട മുൻവർഷത്തെ താരതമ്യ തുകകൾ, തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തിയ B-1

ഷെഡ്യൂൾ, Notes On Accounts എന്നിവ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

### 1-1-10 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase / Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹8102103 യാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹43046692 യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-11 ഭൂമിയുടെ യഥാർത്ഥ മൂല്യം വാർഷിക ധനകാര്യപത്രികയിൽ പ്രതിഫലിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ യഥാർത്ഥ മൂല്യം വാർഷിക ധനകാര്യപത്രികയിൽ പ്രതിഫലിക്കുന്നില്ല.

### 1-1-12 ഡിപ്രീസിയേഷൻ കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2024-25 വർഷത്തെ Income And Expenditure പത്രിക, I-17(A) ഷെഡ്യൂൾ പ്രകാരം ₹22,199,001 ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുണ്ട്. ഡിപ്രീസിയേഷൻ കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

### 1-1-13 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

B-11(e) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള ഗ്രാമ പഞ്ചായത്തിന്റെ മുഴുവൻ ആസ്തിവിവരങ്ങളും ഉൾപ്പെടുത്തി കാലികമാക്കിയ ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

### 1-1-14 ക്ലോസിങ് സ്റ്റോക്ക് രേഖപ്പെടുത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 ൽ ക്ലോസിങ് സ്റ്റോക്ക് രേഖപ്പെടുത്തിയിട്ടില്ല.

### 1-1-15 ഡപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുക B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയില്ല.

ഡപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയതും വിനിയോഗ സാക്ഷ്യപത്രം/പൂർത്തീകരണ വിവരം ലഭിക്കാത്തതുമായ താഴെ കൊടുത്ത തുക B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്താതെ ചെലവായി രേഖപ്പെടുത്തി.

| ക്രമ നമ്പർ | അനുവദിച്ച തുക ₹ | തുക കൈപ്പറ്റിയ ഏജൻസി | പ്രൊജക്ട് നമ്പർ/പേര് |
|---|---|---|---|
| 1 | 2,61,000 | പൊതുമരാമത്ത് വകുപ്പ് | 361/25, പി എച്ച് സി ക്ക് ഇൻവെർട്ടർ വാങ്ങൽ |

### 1-1-16 ഹഡ്കോ വായ്പ - വാർഷിക കണക്കിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

RP-31 ഷെഡ്യൂൾ പ്രകാരം തൻവർഷം 21,00,000 രൂപ ഹഡ്കോ വായ്പ ഇനത്തിൽ വരവ് വന്നിട്ടുണ്ട്. ജി ഒ പ്രൊജക്ട് പ്രകാരം 516140 രൂപയാണ് തൻവർഷം സ്രോതസ്സിൽ നിന്നും കുറവ് വരുത്തിയിട്ടുള്ളത്. 15,83,860 രൂപയാണ് വായ്പയിനത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ളതെന്നിരിക്കെ ബാലൻസ് ഷീറ്റ് B-5 ഷെഡ്യൂളിൽ വായ്പ തുകയായ 21,00,000 രൂപ തന്നെയാണ് ബാധ്യതയായി ചേർത്തിട്ടുള്ളത്.

## 1-2 ബജറ്റ്

ചിറക്കൽ ഗ്രാമ പഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് 14-02-2024 തീയതിയിലെ 38/2024 നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 12-03-2025 ലെ 66/2025 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 27186426 | 60555510 |

| | | |
|---|---|---|
| വരവ് | 333180600 | 468084615 |
| ആകെ | 360367026 | 528640125 |
| ചെലവ് | 353719320 | 514516228 |
| നീക്കിയിരിപ്പ് | 6647706 | 14123897 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 60589481 |
| വരവ് | 95025282 |
| ആകെ | 155614763 |
| ചെലവ് | 86923179 |
| നീക്കിയിരിപ്പ് | 68691584 |
| വരവിനങ്ങളിലെ നഷ്ടം | 14650 |
| ചെലവിനങ്ങളിലെ നഷ്ടം | 0 |
| തടസ്സപ്പെടുത്തിയ തുക | 9004600 |

വികസന ഫണ്ട്, സംരക്ഷണ ഫണ്ട്, സാമൂഹ്യ സുരക്ഷാ പെൻഷൻ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി തുടങ്ങിയ പ്രധാന വരവ് ചെലവ് ഇനങ്ങൾ റസീറ്റ് &പേമെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുന്നില്ല. അതുകൊണ്ടു തന്നെ മേൽപട്ടികയിൽ പരാമർശിച്ച വരവു ചെലവുകൾ പൂർണ്ണമല്ല.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 29960000 | 29960000 | 29960000* | 0 |
| വികസന ഫണ്ട് എസ് സി പി | 0 | 6984000 | 6984000 | 6984000 | 0 |
| മെയിന്റനൻസ് ഫണ്ട് - റോഡ് | 0 | 25637000 | 25637000 | 23577836 | 2059164 |
| മെയിന്റനൻസ് ഫണ്ട് - റോഡിതരം | 0 | 9465000 | 9465000 | 8065299** | 1399701 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ് | 10837361 | 10442000 | 21279361 | 10512461 | 10766900 |
| CFC പെർഫോമൻസ് ഗ്രാന്റ് | 0 | 6913133 | 6913133 | 5865518 | 1047615 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ബേസിക് | 4344249 | 5547146 | 9891395 | 4606974 | 5284421 |
| ഹെൽത്ത് ഗ്രാന്റ് - രോഗ നിർണ്ണയ സൗകര്യം | 849444 | 548000 | 1397444 | 287055 | 1110389 |
| ഹെൽത്ത് ഗ്രാന്റ് - ഹെൽത്ത് & വെൽനസ് സെന്റർ | 522577 | 836000 | 1358577 | 522179 | 836398 |
| ഹെൽത്ത് ഗ്രാന്റ് - കെട്ടിട നിർമ്മാണം | 2775000 | 0 | 2775000 | 0 | 2775000 |
| എം ജി എൻ ആർ ഇ ജി എസ് | 191 | 707102 | 707293 | 706401 | 892 |
| സാക്ഷരത | 16355 | 654 | 17009 | 0 | 17009 |
| എസ് എസ് എ | 62000 | 0 | 62000 | 0 | 62000 |
| ശുചിത്വമിഷൻ | 479892 | 5000 | 484892 | 5000 | 479892 |
| പൈക്ക | 17995 | 0 | 17995 | 0 | 17995 |

| | | | | | |
|---|---|---|---|---|---|
| ടി എസ് സി ക്യാമ്പയിൻ | 58285 | 0 | 58285 | 58285 | 0 |
| ടി എസ് സി സ്കീം | 0 | 72000 | 72000 | 72000 | 0 |
| സമ്പൂർണ ശുചിത്വം | 267005 | 0 | 267005 | 0 | 267005 |
| മറ്റ് ഗ്രാന്റുകൾ | 137155 | 0 | 137155 | 0 | 137155 |
| ആയുർവ്വേദ വകുപ്പ് | 11539 | 0 | 11539 | 0 | 11539 |
| മറ്റ് സർക്കാർ ഏജൻസി കളിൽ നിന്നുള്ള ഗ്രാന്റുകൾ | 15080 | 0 | 15080 | 0 | 15080 |
| ഐ.സി.ഡി.എസ് കേന്ദ്രവിഹിതം | 3551209 | 2968896 | 6520105 | 2890053 | 3630052 |
| മറ്റ് സ്കീമുകൾ | 10000 | 0 | 10000 | 0 | 10000 |
| എൻ ആർ എച്ച് എം | 500000 | 0 | 500000 | 0 | 500000 |

*വികസന ഫണ്ട് ജനറൽ - I-6 ഷെഡ്യൂളിൽ GO പ്രൊജക്റ്റ് ചെലവ് (₹2399540) ഉൾപ്പെടുത്തിയിട്ടില്ല.

** മെയിന്റനൻസ് ഗ്രാന്റ് റോഡിതരം - എ സി ആർ, I-6 ഷെഡ്യൂൾ എന്നിവ പ്രകാരമുള്ള ചെലവും (₹8065299) സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവും (₹7962123) പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 358 | 324738068 | 255 | 129453172 | 43 | 103 | 212 | 59.22 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 16 | 13 | 5265946 | 3633082 | 68.99 |
| വെറ്റിനറി സർജ്ജൻ | 10 | 10 | 1486200 | 764760 | 51.45 |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 25 | 20 | 10760564 | 6669842 | 61.98 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 5 | 5 | 1605000 | 1520232 | 94.72 |
| ഫിഷറീസ് സബ് ഇൻസ്പക്ടർ | 1 | 1 | 200000 | 40000 | 20 |
| വി.ഇ.ഒ | 20 | 17 | 60019022 | 21426224 | 35.70 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 24 | 21 | 16334901 | 9865347 | 60.39 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 508079 | 126455 | 24.89 |
| സെക്രട്ടറി | 50 | 25 | 101051445 | 17307711 | 17.54 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 178 | 118 | 119829878 | 61903341 | 51,66 |
| ഹെഡ് മാസ്റ്റർ | 20 | 17 | 5707493 | 4724296 | 82.77 |

| | | | | | |
|---|---|---|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | 7 | 6 | 1969540 | 1471882 | 74.73 |
| ആകെ | 358 | 255 | 324738068 | 129453172 | 39.86 |

## 1-6. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 191 | 707102 | 707293 | 706401 | 892 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 8984737 | 8984737 | 8984737 | 0 |
| ആകെ | 191 | 9691839 | 9692030 | 9691138 | 892 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെപേര് | ചെലവഴിച്ചതുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളിപെൻഷൻ | 1333400 | 60 |
| വിധവാപെൻഷൻ | 28935000 | 1588 |
| വാർദ്ധക്യകാലപെൻഷൻ | 75432800 | 4348 |
| ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 8131600 | 443 |
| 50 വയസിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 6862800 | 387 |
| വിവാഹ ധനസഹായം | 270000 | 9 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.09.2025 തീയ്യതിയിൽ 11.30 AM സമയത്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11644/ രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണസംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കുറേക്കൂടി മെച്ചപ്പെടേണ്ടതായിട്ടുണ്ട്. വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണയിച്ചുകൊണ്ട് ജോലി വിഭജനരേഖ തയ്യാറാക്കിയിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലൂടെ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകൾ ചേർന്ന് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തുകയും പോരായ്മകൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്. സ്റ്റാഫ് മീറ്റിംഗുകളിൽ നികുതികൾ പിരിച്ചെടുക്കുന്നതിലെ പുരോഗതിയും, ഐ.എൽ.ജി.എം.എസ് വഴി ഫയൽ കൈകാര്യം ചെയ്യുന്നതിലെ പുരോഗതിയും, ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനവും, വിലയിരുത്തുകയും പൊതുജനങ്ങൾക്ക് കാലതാമസമില്ലാതെ സേവനങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്ന കാര്യത്തിൽ തീരെ ശ്രദ്ധ പുലർത്തിയിട്ടില്ല. അത്യാവശ്യമായി സൂക്ഷിക്കേണ്ട അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, വായ്പ രജിസ്റ്റർ, വിവിധ സ്ഥാപനങ്ങളിൽ നിന്നും, ഏജൻസികളിൽ നിന്നും ഗ്രാമ പഞ്ചായത്തിന് ലഭിച്ച

ഗ്രാന്റുകളുടേയും ധനസഹായങ്ങളുടേയും വരവും, അതിൽ നിന്നുള്ള ചെലവും നിരീക്ഷിക്കുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവയൊന്നും എഴുതി സൂക്ഷിച്ചിട്ടില്ല. അതുകൊണ്ട് തന്നെ വായ്പ ഇനത്തിൽ എത്ര തുക തിരിച്ചടക്കാനുണ്ട് എന്നും, മുൻകൂറുകൾ യഥാസമയം ക്രമീകരിക്കുന്നുണ്ടോ എന്നും, കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടുണ്ടോ എന്നും നിരീക്ഷിക്കാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. ആഭ്യന്തര നിയന്ത്രണസംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 ഗ്രാമസഭ

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ 2024-25 വർഷം 2 തവണ ഗ്രാമസഭ യോഗങ്ങൾ ചേർന്നിട്ടുണ്ട്. 2023-24 വാർഷിക പദ്ധതി അവലോകനം, 2024-25 വാർഷിക പദ്ധതി ഗുണഭോക്താക്കളെ അംഗീകരിക്കൽ, മാലിന്യമുക്ത നവകേരളം, 2025-26 വാർഷിക പദ്ധതി രൂപീകരണം, 2024-25 വാർഷിക പദ്ധതി അവലോകനം, എം.ജി.എൻ.ആർ.ഇ.ജി.എസ് ആക്ഷൻ പ്ലാൻ അംഗീകരിക്കൽ, തുടങ്ങിയവ അജണ്ടയിൽ ഉൾപ്പെടുത്തുകയും മിനുട്സിൽ നിർദ്ദേശങ്ങളും തീരുമാനങ്ങളും രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഗ്രാമസഭാ മിനുട്സ് തീരുമാനങ്ങൾ അതത് ഗ്രാമസഭകളിൽ പങ്കെടുക്കുന്നവരിൽ 15 പേരെങ്കിലും ഒപ്പു വച്ച് സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ള കെട്ടിടങ്ങളെ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളായി കണക്കാക്കി കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കി

സ.ഉ(അച്ചടി)നം.25/2023/തസ്വഭവ, തീയതി 05.04.23 (എസ്.ആർ.ഒ നമ്പർ 479/2023) വിജ്ഞാപന പ്രകാരം പാർപ്പിടാവശ്യത്തിന് ഉപയോഗിക്കുന്ന വ്യത്യസ്ത കെട്ടിട ഉപവിഭാഗങ്ങളുടെ വിവരവും അവയ്ക്ക് ഈടാക്കാവുന്ന കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്കും താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരം | ഏറ്റവും കുറഞ്ഞ നിരക്ക് (രൂപ) | ഏറ്റവും കൂടിയ നിരക്ക് (രൂപ) |
|---|---|---|---|
| 1 | സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)-300 ച.മീ വരെയുള്ളവ | 6 | 10 |
| 2 | പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)-300 ച.മീ മുകളിലുള്ളവ | 8 | 12 |
| 3 | ലോഡ്ജ്, ഹോട്ടൽ ഉൾപ്പടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ-300 ച.മീറ്ററിന് വരെയുള്ളവ | 40 | 70 |
| 4 | ലോഡ്ജ്,ഹോട്ടൽ ഉൾപ്പടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ-300 ച.മീറ്ററിന് മുകളിലുള്ളവ | 55 | 75 |

മേൽ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ചിറക്കൽ ഗ്രാമപഞ്ചായത്തിന്റെ 16.09.2023 തീയതിയിലെ 401055/PTRV03/GPO/2023/4979 നമ്പർ അന്തിമ വിജ്ഞാപനത്തിൽ മേൽ പട്ടികയിൽ പരാമർശിച്ച ക്രമ നമ്പർ 1, 2, 3, 4 എന്നീ കെട്ടിടവിഭാഗങ്ങളുടെ നികുതി നിരക്ക് യഥാക്രമം 6, 10, 70, 75 എന്നിങ്ങനെയാണ്. എന്നാൽ 2024-25 കാലയളവിലെ വസ്തുനികുതി നിർണ്ണയ രജിസ്റ്ററിൽ ഉൾപ്പെട്ട താഴെ പറയുന്ന കെട്ടിടങ്ങളെ തെറ്റായ ഉപവിഭാഗങ്ങളിൽപ്പെടുത്തിയാണ് വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളത്. വിശദാംശം ചുവടെ പറയുന്നു.

| കെട്ടിട ഉടമസ്ഥന്റെ പേര് | സഞ്ചയയിൽ ഉൾപ്പെടുത്തിയ കെട്ടിടത്തിന്റെ ഉപവിഭാഗം | സഞ്ചയയിൽ ഉൾപ്പെടുത്തേണ്ട കെട്ടിടത്തിന്റെ ഉപവിഭാഗം | കെട്ടിട നമ്പർ | കെട്ടിട വിസ്തീർണം ച.മീ |
|---|---|---|---|---|
| കടവൻ പുതിയ പുരയിൽ നാസില | പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ | ലോഡ്ജ്, ഹോട്ടൽ | VII-411/B | 82.02 |

| | | | | |
|---|---|---|---|---|
| | താമസിക്കു ന്നതും ഒന്നോ അതിലധിക മോ മുറികൾ വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)- 300 ച.മീ മുകളിലുള്ളവ | ഉൾപ്പടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യ ത്തിനുള്ളവ- 300 ച.മീറ്ററിന് മുകളിലുള്ളവ | VII-411/C | 82.02 |
| | | | VII-411/D | 90.7 |
| | | | VII-411/E | 90.7 |

ക്വാർട്ടേഴ്സുകൾക്ക് വസ്തു നികുതി ഈടാക്കേണ്ടത് മറ്റു പ്രത്യേക പാർപ്പിടങ്ങൾ എന്ന കെട്ടിട ഉപവിഭാഗത്തിൽ പെടുത്തിയാണെന്നിരിക്കെ മുകളിൽ പറഞ്ഞിരിക്കുന്ന ക്വാർട്ടേഴ്സിന് സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടം എന്ന കെട്ടിട ഉപവിഭാഗത്തിൽപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടുള്ളത്. കെട്ടിടങ്ങളുടെ ഉപവിഭാഗം സഞ്ചയയിൽ വ്യത്യസ്തമായി നൽകിയതിനും 250 ച.മീ-ൽ അധികം തറ വിസ്തീർണ്ണമുള്ള പ്രസ്തുത കെട്ടിടത്തിന് 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6, പട്ടിക 6 ൽ അനുശാസിക്കും പ്രകാരം തറ നിർമിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് വസ്തു നികുതി നിർണ്ണയത്തിന് പരിഗണിക്കാതിരുന്നതിനുള്ള കാരണം അറിയിക്കുന്നതിനുമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/11.09.2025) നികുതി റീ അസസ് ചെയ്യുന്നതിനുള്ള സൗകര്യം കെ സ്മാർട്ടിൽ ലഭ്യമല്ലാത്തതിനാൽ ആയത് ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. കെട്ടിടങ്ങളുടെ ഉപവിഭാഗം സഞ്ചയയിൽ തെറ്റായി നിർണ്ണയിച്ചത് പുനഃപരിശോധിക്കേണ്ടതും നഷ്ടം വന്ന നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-12 60 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് വസ്തു നികുതി ഒഴിവാക്കി നൽകി.

വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട സ.ഉ(എം.എസ്)നം.358/15/തസ്വഭവ തീയതി 16.12.2015 ഖണ്ഡിക 3 പ്രകാരം 60 ച.മീ. വരെ വിസ്തീർണ്ണമുള്ള ഒരു കുടുംബത്തിലെ കുടുംബനാഥന്/കുടുബനാഥയുടെ പേരിലുള്ളതും സ്വന്തം താമസത്തിനായി ഉപയോഗിക്കുന്നതുമായ ഒരു വാസഗൃഹത്തെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ സഞ്ചയയിൽ വസ്തു നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയ പാർപ്പിടങ്ങളുടെ വിവരങ്ങൾ, അസസ്മെന്റ് (ഫോറം 6) എന്നിവ പരിശോധിച്ചതിൽ 60 ച.മീ. ൽ കൂടുതൽ വിസ്തീർണമുള്ള ചുവടെ ചേർത്ത കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടില്ല. കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയതിന്റെ കാരണം സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുമില്ല.

| കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ചതുരശ്ര മീറ്റർ) | ഉടമസ്ഥന്റെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം |
|---|---|---|---|
| 17/648 | 63ച മീ | അഞ്ചാംകുട് ജ്യോതി | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ |
| 19/454/A | 89ച മീ | ദിനേശൻ എൻ കെ | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ |
| 15/1250/A | 70ച മീ | ബത്തക്ക ഇസ്മയിൽ പുന്നക്കൽ പുതിയ പുരയിൽ അൻസാരി | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ |
| 13/78/A | 89.48 ച മീ | അയ്യാംപറമ്പിൽനാരജ് ബാബു | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ |

| | | | |
|---|---|---|---|
| 6/363 | 68 | സന്തോഷ് എം | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ |
| 7/5 | 62 | ചെന്ന്യന്റകത്ത് കദീജ | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ |
| 1/515 | 152 | രമേശ് ബാബു | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ |

മേൽ പരാമർശിച്ച കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 13/11.09.2025) അപാകം പരിഹരിക്കുന്നതിന് നിലവിൽ കെ സ്മാർട്ട് സോഫ്റ്റ് വെയറിൽ ഓപ്ഷൻ ലഭ്യമല്ലെന്നും ലഭ്യമായാലുടൻ കെട്ടിടങ്ങളുടെ നികുതി പുന:സ്ഥാപിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. വസ്തുനികുതി ബാധകമായ കെട്ടിടങ്ങൾക്ക് നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-13 ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകി

ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 എന്നിവ പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയിട്ടുണ്ട്. കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായി പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ഉടമസ്ഥന്റെ പേര് | വാർഡ്/ കെട്ടിട.നം | വിസ്തീർണം (ച.മീ) |
|---|---|---|
| പള്ളിയത്ത് ലീല | 19/3 | 12 |
| | 19/4 | 29 |
| പ്രമീള പുളുക്കൽ | 3/38 | 48 |
| | 3/39 | 12 |
| | 3/40 | 12 |
| കോട്ടായി പ്രഭാകരൻ | 6/224 | 60 |
| | 6/223 | 60 |
| വി സദാനന്ദൻ | 8/325 | 50 |
| | 8/326 | 40 |
| പള്ളിപറത്ത് പുന്നക്കൻ സാദിഖ | 9/442 | 6.38 |
| | 9/443 | 23.23 |
| | 9/446 | 50 |
| പള്ളിപറത്ത് പുന്നക്കൻ സാബിറ | 9/444 | 20.55 |
| | 9/447 | 60 |
| | 9/448 | 60 |
| കെ പി ഉമ്മർഹാജി | 11/359 | 55 |
| | 11/366 | 26 |

മേൽ അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/11.09.2025) പരിശോധിച്ച് ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. 60 ച.മീ വരെ വിസ്തീർണ്ണമുള്ള ഒരു വാസ ഗൃഹത്തിന് ഒഴികെയുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-14 അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല

സർക്കാരിന്റെ 28-03-2023 തീയതിയിലെ നമ്പർ 15 (2) ലെഗ്.എ2/2023/നിയമം ഉത്തരവ് പ്രകാരം (2023ലെ 18-ാം ആക്ട് ) 01-04-2023 പ്രാബല്യത്തിൽ വരുത്തിയ ഭേദഗതി പ്രകാരം ഹയർ സെക്കണ്ടറി തലം വരെയുള്ള അൺ എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെയുള്ള സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വസ്തുനികുതിയിളവ് അനുവദിച്ചിരുന്ന കേരള പഞ്ചായത്ത് രാജ് ആക്ട് 207 വകുപ്പിലെ ബിഎ ഖണ്ഡം റദ്ദാക്കുകയുണ്ടായി. ഇതു പ്രകാരം 01-04-2023 മുതൽ ഹയർ സെക്കണ്ടറി തലം വരെയുള്ള അൺ എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെയുള്ള സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും, വിദ്യാഭ്യാസ ആവശ്യത്തിനു വേണ്ടി മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്കും അത്തരം സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങൾക്കും അനുവദിച്ചിരുന്ന വസ്തു നികുതി ഇളവ് ഒഴിവാക്കിയിട്ടുണ്ട് . ഗ്രാമപഞ്ചായത്തിൽ 2022-23 വർഷം വരെ 207 ബിഎ വകുപ്പ് പ്രകാരം വസ്തുനികുതിയിളവ് അനുവദിച്ചിരുന്ന ഇത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തുനികുതി 01-04-2023 പ്രാബല്യത്തിൽ (2023-24വർഷം മുതൽ) ഈടാക്കിയിട്ടുണ്ടോ എന്ന് അറിയിക്കുന്നതിനും, അത്തരം സ്ഥാപനങ്ങളുടെ നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനുമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/10.09.2025) ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തുനികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-15 വസ്തു നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ബി-15 ഷെഡ്യൂൾ പ്രകാരം വസ്തു നികുതി ഇനത്തിൽ താഴെപ്പറയുന്ന തുക പിരിച്ചെടുക്കാൻ ബാക്കിയുണ്ട്.

| ക്രമ നമ്പർ | വസ്തുനികുതി | തൻവർഷം | കുടിശ്ശിക |
|---|---|---|---|
| 1 | റസിഡൻഷ്യൽ ബിൽഡിംഗ്സ് | ₹32626 | ₹2584 |
| 2 | നോൺ റസിഡൻഷ്യൽ ബിൽഡിംഗ്സ് | ₹135829 | ₹126420 |
| 3 | സർവ്വീസ് സെസ് | ₹3241 | ₹2472 |

നിലവിൽ ഈടാക്കിയിട്ടുള്ള/ഈടാക്കാൻ അവശേഷിക്കുന്ന കുടിശ്ശിക, കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം എന്നിവ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/10.09.2025)2024-25 വർഷം മാർച്ച് 31ന് ശേഷം സഞ്ചയ സോഫ്റ്റ് വെയർ പ്രവർത്തന രഹിതമായതിനാൽ രണ്ടാം അർദ്ധ വാർഷത്തെ പ്രോസിക്യൂഷൻ, ആർ ആർ ചെയ്യാനുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി ആണിതെന്നും നികുതി ഈടാക്കുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. നിയമാനുസൃത നടപടികളിലൂടെ നികുതി കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-16 തൊഴിൽ നികുതി -പിഴ ഈടാക്കുന്നതിലെ അപാകം

സർക്കാരിന്റെ 28-03-2023 തീയതിയിലെ നമ്പർ 15 (2) ലെഗ്.എ2/2023/നിയമം വിജ്ഞാപനം പ്രകാരം 01-04-2023 പ്രാബല്യത്തിൽ കേരള പഞ്ചായത്ത് രാജ് ആക്ട് 209 ഇ വകുപ്പിന് വരുത്തിയ ഭേദഗതി പ്രകാരം കേരള പഞ്ചായത്ത് രാജ് ആക്ടിലെയോ അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളിലെയോ ബൈലോകളിലെയോ വ്യവസ്ഥകൾക്ക് കീഴിൽ നിയമാനുസൃതമായ ഏതെങ്കിലും തുക അത് നൽകേണ്ടതായ തീയതിയിൽ നൽകാത്ത പക്ഷം അത് നൽകേണ്ടതായ തീയതി മുതൽ പ്രതിമാസം രണ്ട് ശതമാനം നിരക്കിലുള്ള (ഒരു ശതമാനമായിരുന്നത് 01-04-2023 പ്രാബല്യത്തിൽ രണ്ട് ശതമാനമാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്) പിഴ ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത ഭേദഗതി പ്രകാരം 2023 ഏപ്രിൽ ഒന്ന് മുതൽ രണ്ട് ശതമാനം നിരക്കിൽ പിഴ ഈടാക്കേണ്ടതുണ്ട്. (ഒരു അർദ്ധവർഷത്തിൽ നൽകേണ്ടതായി തീർന്നതും നൽകേണ്ടതുമായ ഏതെങ്കിലും തുക അതേ അർദ്ധവർഷത്തിൽ നൽകുന്ന പക്ഷം പിഴ ഈടാക്കേണ്ടതില്ല). എന്നാൽ ഒന്നാം അർദ്ധവർഷത്തിലെ തൊഴിൽനികുതിയിനത്തിൽ നൽകേണ്ട തുക ആ അർദ്ധവർഷം തന്നെ നൽകാതിരുന്നപ്പോൾ 2 ശതമാനം നിരക്കിൽ പിഴ ഈടാക്കുന്നതിന് പകരം ഒരു ശതമാനം നിരക്കിൽ മാത്രമാണ് നികുതിദായകരിൽ നിന്നും ഗ്രാമപഞ്ചായത്ത് ഈടാക്കിയതെന്ന് തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, ഐ.എൽ.ജി.എം.എസ് എന്നിവ പരിശോധിച്ചതിൽ നിന്ന് വ്യക്തമായിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 24.08.2000 തീയതിയിലെ 51457/എൻ 1/ തഭവ നമ്പർ സർക്കുലർ പ്രകാരം ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ

നികുതി പിഴ പലിശ നൽകേണ്ടിവരുന്ന തീയതി സെപ്റ്റംബർ ഒന്ന മുതലാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി സെപ്റ്റംബർ മാസത്തിന് ശേഷം അടച്ചപ്പോൾ പിഴ കണക്കാക്കിയത് ഒക്ടോബർ മാസം മുതലാണ്. മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയിൽ (4/10.09.2025) ഉദാഹരണമായി കൊടുത്തിരുന്ന സ്ഥാപനങ്ങളിൽ നിന്നും പിഴതുക ഈടാക്കി രേഖകൾ ലഭ്യമാക്കിയിട്ടുണ്ട്. തൊഴിൽ നികുതി വൈകി അടവാക്കിയ മുഴുവൻ നികുതിദായകരിൽ നിന്നും കൃത്യമായ നിരക്കിൽ തന്നെയാണോ പിഴ ഈടാക്കിയിട്ടുള്ളതെന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

## 1-17 പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഫീസ് ഈടാക്കിയില്ല.

1994 ലെ പഞ്ചായത്ത് രാജ് നിയമം (വകുപ്പുകൾ 269 മുതൽ 271 വരെ) പ്രകാരവും 1997 ലെ കേരളാ പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരവും സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും പാരാമെഡിക്കൽ രജിസ്ട്രേഷൻ കൂടി എടുക്കേണ്ടതാണ്. ലൈസൻസ് രജിസ്റ്റർ പ്രകാരം 2024-25 വർഷം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചിരുന്ന ശ്രീകൃഷ്ണ മെഡിക്കൽ ലബോറട്ടറി (രാഘവൻ എൻ കെ, XVI/499/500), JNAഹെൽത്ത് കെയർ ക്ലിനിക്(സഫ്വാൻ. ടി, IX 20, 21) എന്നീ സ്ഥാപനങ്ങൾ പാരാമെഡിക്കൽ രജിസ്ട്രേഷൻ പുതുക്കി/എടുത്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (39/16.09.2025) രജിസ്ട്രേഷൻ ഫീസ് ഒടുക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നാണ് മറുപടി നൽകിയത്. പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീസ് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-18 തനത് വരുമാനം പലിശരഹിത അക്കൗണ്ടിൽ നിലനിർത്തുന്നു.

ഗ്രാമപഞ്ചായത്തിലെ എസ് ബി ഐ (UPI PAYMENT, അക്കൗണ്ട് നമ്പർ 00000042181930741) കറന്റ് അക്കൗണ്ടാണ്. പ്രസ്തുത അക്കൗണ്ടിൽ 31-03-2025 ന് ₹38,60,649 യും 31-08-2025 ന് ₹46,70,194 യും നീക്കിയിരിപ്പുണ്ട്. കറന്റ് അക്കൗണ്ടിൽ വരുന്ന തുകകൾ നിശ്ചിത ഇടവേളകളിൽ ഗ്രാമപഞ്ചായത്തിന്റെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റേണ്ടതായിരുന്നു. ഇപ്രകാരം ചെയ്യാത്തതിനാൽ പലിശയിനത്തിൽ ലഭിക്കുമായിരുന്ന വരുമാനം ഗ്രാമപഞ്ചായത്തിന് നഷ്ടമാവുന്നത് ശ്രദ്ധയിൽപെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/16-09-2025) നീക്കിയിരിപ്പ് തുകയായ ₹46,70,194 ഗ്രാമ പഞ്ചായത്തിന്റെ സേവിംഗ്സ് അക്കൗണ്ടിലേക്ക് മാറ്റുന്നതിന് അടുത്ത ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അജണ്ട ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അംഗീകാരം ലഭ്യമാകുന്നതോടെ സേവിംഗ്സ് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപാകം പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-19 എ ബി സി പദ്ധതി പഞ്ചായത്ത് വിഹിതം നൽകൽ-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല-₹100000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

എ ബി സി പദ്ധതി- പഞ്ചായത്ത് വിഹിതം നൽകൽ എന്ന പ്രോജക്ടിൽ താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ, പേര് | 122/25, എ.ബി.സി പദ്ധതി-പഞ്ചായത്ത് വിഹിതം നൽകൽ |
| അടങ്കൽ | ₹100000 (തനത് ഫണ്ട്) |
| ചെലവ് | ₹100000 ബിൽ നമ്പർ 456/8-02-2025 |

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പിന്റെ 23-08-2022 തീയതിയിലെ സ.ഉ(സാധാ) 2065/2022 തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ല പഞ്ചായത്തുകളുടേയും നഗരഭരണ സ്ഥാപനങ്ങളുടേയും സംയുക്ത പ്രൊജക്ടായാണ് എ.ബി.സി പദ്ധതി നടപ്പിലാക്കേണ്ടതെന്നും മുഖ്യനിർവ്വഹണ സ്ഥാപനം ജില്ലാപഞ്ചായത്തായിരിക്കുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം 100000 രൂപ കണ്ണൂർ ജില്ലാ പഞ്ചായത്തിന് നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/11.9.2025) വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലെന്നും ലഭ്യമാകുന്ന മുറക്ക് പരിശോധനക്ക് നൽകുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 പൊതു ടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ- സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം ക്രമീകരിക്കേണ്ടതാണ്.

പൊതു ടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നതിനായി 2024-25 വർഷത്തിൽ താഴെ പറയും പ്രകാരം തുക തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ നമ്പർ | ചെലവ് തുക |
|---|---|---|

| | | |
|---|---|---|
| 1 | 42400017/6.4.24 | ₹192907 |
| 2 | 42400099/29.5.24 | ₹192907 |
| 3 | 42400154/18.6.24 | ₹192907 |
| 4 | 42400245/23.7.24 | ₹192907 |
| 5 | 42400339/16.8.24 | ₹192907 |
| 6 | 42400453/25.9.24 | ₹192907 |
| 7 | 42400560/17.10.24 | ₹192907 |
| 8 | 42400658/19.11.24 | ₹192907 |
| 9 | 42400757/12.12.24 | ₹192907 |
| 10 | 42400879/21.1.25 | ₹192907 |
| 11 | 42401029/17.2.25 | ₹192907 |
| 12 | 424001181/13.3.25 | ₹192907 |
| | ആകെ | ₹2314884 |

പൊതു ടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നത് സംബന്ധിച്ച രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

1) സ.ഉ.(സാ.ധാ)1275/2009/ത.സ്വ.ഭ.വ, തീയതി 30.6.2009 പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്ഥാപനത്തിന്റെ പരിധിയിലുള്ള പൊതു ടാപ്പുകളുടെ എണ്ണം കണക്കാക്കുന്നതിനായി കേരള ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തണമെന്ന് നിർദേശിച്ചിരുന്നു. എന്നാൽ ഗ്രാമ പഞ്ചായത്ത് ഇപ്രകാരം സംയുക്ത പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
2) ഒരു ടാപ്പിന് പ്രതിവർഷം 14559.12 രൂപ നിരക്കിൽ 159 പൊതു ടാപ്പുകൾക്ക് കേരളവാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് അനുസരിച്ച് പ്രതിമാസം ₹1,92,907 വീതം അടവാക്കുകയാണ് ചെയ്തിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് പരിധിയിലെ ആകെ ടാപ്പുകളുടെ എണ്ണം, പ്രവർത്തനക്ഷമമായ ടാപ്പുകൾ, പ്രവർത്തന രഹിതമായ ടാപ്പുകൾ എന്നിവയുടെ വിവരം ലഭ്യമല്ല.

ഈ വിഷയം ഉന്നയിച്ച് നൽകിയ 22/12.09.25 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് 2021 ൽ നടത്തിയ സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിലാണ് 159 പൊതു ടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നതെന്നാണ് മറുപടി നല്കിയത്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തനക്ഷമമായ 149 ടാപ്പുകളും പ്രവർത്തനരഹിതമായ 10 ടാപ്പുകളുമാണുള്ളതെന്നും മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്. പ്രവർത്തനക്ഷമമായ ടാപ്പുകളുടെ യഥാർഥ എണ്ണം കണ്ടെത്തുന്നതിന് കേരള ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ കണ്ടെത്തുന്ന പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണത്തിനനുസൃതമായി വെള്ളക്കരം ക്രമീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

## 1-21 മാലിന്യ സംസ്കരണ പ്ലാൻറ് നിർമ്മാണം- നിർവഹണത്തിലെ അപാകങ്ങൾ-₹7434998 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ, പേര് | 347/25, മാലിന്യ സംസ്കരണ പ്ലാൻറ് നിർമ്മാണം (സ്പിൽ ഓവർ) |
| അടങ്കൽ | ₹4900500 (ധനകാര്യ കമ്മീഷൻ അവാർഡ്)<br>₹2667500 (തനത് ഫണ്ട്)<br>ആകെ ₹7568000 |

| | |
|---|---|
| ചെലവ് | ₹826488 (ബിൽ നമ്പർ & തീയതി 421/ 13.1-2025)<br>₹1157247 (ബിൽ നമ്പർ/തീയതി 427/ 18-1-2025)<br>₹1411765 (ബിൽ നമ്പർ/തീയതി 468/ 15-2-2025)<br>₹825000 (ബിൽ നമ്പർ/തീയതി 570/ 12-3-2025)<br>₹680000 (ബിൽ നമ്പർ/തീയതി 569/ 12-3-2025)<br>₹64189 (ബിൽ നമ്പർ/തീയതി 469/ 15-2-2025)<br>₹2470309(ബിൽ നമ്പർ/തീയതി 568/ 12-3-2025)<br>ആകെ ₹7434998 |

ചിറക്കൽ ഗ്രാമപഞ്ചായത്തിലെ നീരൊഴുക്കുംചാൽ എന്ന സ്ഥലത്തുള്ള മാലിന്യ സംസ്കരണ കേന്ദ്രത്തിൽ വർഷങ്ങളായി അടിഞ്ഞ് കൂടിക്കിടക്കുന്ന ലെഗസി മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി ബഹു. ജില്ലാകളക്ടറുടെയും, തദ്ദേശ സ്വയംഭരണ വകുപ്പ് കണ്ണൂർ ജോയിൻറ് ഡയറക്ടറുടെയും നിർദ്ദേശം പരിഗണിച്ച് 2023-24 വർഷത്തിൽ രണ്ട് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. 2023-24 വർഷത്തിൽ നടപ്പിലാക്കിയ പ്രൊജക്ട് നമ്പർ 246/24 പ്രകാരം 34,615 കിലോഗ്രാം അജൈവ മാലിന്യങ്ങളും പ്രൊജക്ട് നമ്പർ 266/24 പ്രകാരം 37795 കിലോഗ്രാം അജൈവ മാലിന്യങ്ങളും നീരൊഴുക്കുംചാലിൽ നിന്ന് നീക്കം ചെയ്തിട്ടുണ്ട്. നീരൊഴുക്കുംചാൽ മാലിന്യസംസ്കരണ കേന്ദ്രത്തിലെ മാലിന്യങ്ങൾ മുഴുവൻ ബയോ മൈനിംഗിലൂടെ നീക്കം ചെയ്ത് ആധുനിക മാലിന്യ സംസ്കരണ കേന്ദ്രവും അനുബന്ധ ഷോപ്പിംഗ് കോംപ്ലക്സുകളും നിർമ്മിക്കുന്നതിനും മാലിന്യ സംസ്കരണ പ്ലാൻറ് നിർമ്മിക്കുന്നതിനുള്ള ഡിപിആർ തയ്യാറാക്കുന്നതിനും 19.04.23 ലെ ഭരണസമിതി യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യപ്പെട്ടതനുസരിച്ച് മാലിന്യ സംസ്കരണ പ്ലാൻറ് നിർമ്മിക്കുന്നതിനുള്ള ഡിപിആർ കണ്ണൂർ ഗവ. എഞ്ചിനീയറിഗ് കോളേജ്, Centre For Continuing Education എന്ന സ്ഥാപനം തയ്യാറാക്കി നൽകിയിട്ടുണ്ട്. ഏകദേശം 710 ടൺ മാലിന്യങ്ങൾ നിക്ഷേപ സൈറ്റിൽ ഉണ്ടെന്നും ഇവ നീക്കം ചെയ്യുന്നതിനുള്ള ഏറ്റവും ഉചിതമായ മാർഗം ബയോ മൈനിംഗ് ആണെന്നും റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ബയോ മൈനിംഗ് നടപടിക്രമങ്ങൾ സ്വീകരിക്കാതെ ലെഗസിമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി ടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത (ജി എസ് ടി ഉൾപ്പെടെ ₹11.7/ കി. ഗ്രാം) ഒലീന മഹിളാ സമാജം, പി.ഒ. വെസ്റ്റ്ഹിൽ കോഴിക്കോട് എന്ന സ്ഥാപനത്തിന് പ്രവ്യത്തി കൈമാറുകയും 26 ഇൻവോയ്സുകളിലായി രേഖപ്പെടുത്തിയ ആകെ 635470 കി.ഗ്രാം ലെഗസി മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി 7434998രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പ്രോജക്ട് നിർവഹണവുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ₹7568000 അടങ്കൽ നിശ്ചയിച്ച് മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മാണം എന്ന പ്രോജക്ടിനാണ് ഡിപിസി അംഗീകാരം ലഭിച്ചിട്ടുള്ളത്. എന്നാൽ ലെഗസിമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായാണ് പ്രോജക്ട് പ്രകാരം ₹7434998 ചെലവഴിച്ചിട്ടുള്ളത്. ഡിപിസി അംഗീകാരം നേടിയ 'മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മാണം' എന്ന പ്രോജക്ടിന്റെ അതേ അടങ്കലിൽ മാലിന്യങ്ങൾ നീക്കം ചെയ്യുന്ന പ്രവൃത്തി ഏറ്റെടുക്കുന്നതിനായി പ്രോജക്ട് പുതുക്കിയതിന്റെയും ഡിപിസിയുടെ അംഗീകാരം നേടിയതിന്റെയും വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. കണ്ണൂർ ഗവ. എഞ്ചിനീയറിഗ് കോളേജ്, Centre For Continuing Education തയ്യാറാക്കി നൽകിയ ഡിപിആർ- ൽ നിക്ഷേപസൈറ്റിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള ഏറ്റവും ഉചിതമായ മാർഗം ബയോ മൈനിംഗ് ആണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ജി.ഒ ആർ.ടി. 2629/2022/LSGD, തീയതി 29.10.2022 പ്രകാരം ലെഗസി മാലിന്യനിക്ഷേപ സൈറ്റുകളിലെ ഭൂമി വീണ്ടെടുക്കുന്നതിന് ബയോമൈനിംഗ് നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനുള്ള ശ്രമങ്ങൾ നടത്താതെ ടെണ്ടർ ക്ഷണിച്ച് ലെഗസി മാലിന്യങ്ങൾ നീക്കം ചെയ്യാനും 75 ലക്ഷത്തോളം രൂപ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ചെലവഴിക്കാനും തീരുമാനിച്ചതിന്റെ കാരണം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

4. 10.7.2023 ലെ സ. ഉ. (സാധാ)നം.1401/2023/തസ്വഭവ ഉത്തരവ് പ്രകാരം ലെഗസി വേസ്റ്റ് കൈമാറൽ പ്രവൃത്തികൾക്ക് വിഭവസ്രോതസ്സ് ആയി വികസനഫണ്ട്, ശുചിത്വകേരളം, തനത് ഫണ്ട് എന്നിവയാണ് ഉപയോഗിക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഈ പ്രോജക്ടിനായി ₹4900500 ധനകാര്യകമ്മീഷൻ ഗ്രാന്റ് ആണ് ചെലവഴിച്ചിട്ടുള്ളത്.

5. ജി എസ് ടി വകുപ്പിന്റെ സർക്കുലർ നം. 51/25/2018/GST തീ. 31. 07.2018 പ്രകാരം പാഴ് വസ്തുക്കൾ നീക്കം ചെയ്യുന്ന പ്രവൃത്തികൾക്ക് ജി എസ് ടി ബാധകമല്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽപ്രവൃത്തിക്കായി ചെലവഴിച്ച ₹7434998 യിൽ ₹1134234 ജി എസ് ടി ഇനത്തിൽ കണക്കാക്കിയ തുകയാണ്. പ്രസ്തുത തുകയിൽ നിന്ന് ₹126026 ജി എസ് ടി ടി ഡി എസ് ഈടാക്കുകയും ചെയ്തിട്ടുണ്ട്.

മേല്പറഞ്ഞ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/12.9.2025) നൽകിയ മറുപടിയിൽ പ്രോജക്ട് പുതുക്കിയതിന്റെയും ഡിപിസിയുടെ അംഗീകാരം നേടിയതിന്റെയും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിക്കാൻ ഉദ്ദേശിച്ച സ്ഥലത്ത് ഏകദേശം 50 വർഷത്തോളമായുള്ള ലെഗസി മാലിന്യങ്ങൾ നിക്ഷേപിച്ചിട്ടുള്ളതിനാൽ ഇവ നീക്കം ചെയ്താൽ മാത്രമെ പ്ലാന്റ് നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ സാധ്യമാകൂ എന്നും ബയോ മൈനിംഗ് പ്രവൃത്തികൾ പ്രസ്തുത സ്ഥലത്ത് നടപ്പിലാക്കാൻ സാധിക്കുകയില്ലെന്ന് വിവിധ ഏജൻസികൾ പരിശോധിച്ച് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും പ്ലാന്റ് നിർമ്മാണത്തിന്റെ പ്രാരംഭപ്രവൃത്തി എന്ന നിലയിലാണ് ലെഗസി മാലിന്യങ്ങൾ നീക്കം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചതെന്നും സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്. എന്നാൽ പ്രോജക്ട് നിർവഹണവുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന പരാമർശങ്ങൾക്ക് മറുപടിയിൽ വ്യക്തത വരുത്തിയിട്ടില്ല.

1. ലെഗസിമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി പ്രോജക്ട് പുതുക്കിയതിന്റെയും ഡിപിസിയുടെ അംഗീകാരം നേടിയതിന്റെയും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2. ബയോ മൈനിംഗ് പ്രവൃത്തികൾ പ്രസ്തുത സ്ഥലത്ത് നടപ്പിലാക്കാൻ സാധിക്കുകയില്ലെന്ന് വിവിധ ഏജൻസികൾ പരിശോധിച്ച് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ലെഗസി മാലിന്യങ്ങൾ ടെണ്ടർ ക്ഷണിച്ച് നീക്കം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചതെന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത റിപ്പോർട്ടുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ബയോ മൈനിംഗ് പ്രവൃത്തികൾ നടത്തുന്നതിനുള്ള ഉത്തരവ് പാലിക്കാതെ 75 ലക്ഷത്തോളം രൂപ ചെലവഴിക്കുന്നതിനുമുമ്പ് പ്രോജക്ടിന് സർക്കാരിന്റെ മുൻകൂർ അനുമതി ലഭ്യമാക്കിയിട്ടില്ല.

3. 10.7.2023 ലെ സ.ഉ.(സാധാ)നം.1401/2023/തസ്വഭവ പ്രകാരമുള്ള ഉത്തരവ് പാലിക്കാതെ ഈ പ്രോജക്ടിനായി ധനകാര്യകമ്മീഷൻ ഗ്രാന്റ് (₹4900500) ആണ് ചെലവഴിച്ചിട്ടുള്ളത്.

4. ജി എസ് ടി വകുപ്പിന്റെ സർക്കുലർ നം.51/25/2018/GST തീ. 31.07.2018 സർക്കുലറിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പാഴ് വസ്തുക്കൾ നീക്കം ചെയ്യുന്ന പ്രവൃത്തിക്കായി ₹1134234 ജി എസ് ടി ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

വ്യക്തമായ വിശദീകരണത്തിന്റേയും രേഖകളുടേയും അഭാവത്തിൽ പ്രോജക്ടിനായുള്ള ₹7434998 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-22 മഴക്കാല പൂർവ്വ ശുചീകരണം- മുൻകൂർ തുക ചെലവഴിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല-40000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മഴക്കാല പൂർവ്വ ശുചീകരണത്തിനായി വാർഡ് സാനിറ്റേഷൻ കമ്മിറ്റിക്ക് താഴെ പറയും പ്രകാരം തുക മുൻകൂറായി നൽകിയിട്ടുണ്ട്.

| ക്രമ നം | വൌച്ചർ നം | മുൻകൂർ അനുവദിച്ച തുക |
|---|---|---|
| 1 | 42400095/24.5.24 | 230000, തനത് ഫണ്ട് |
| 2 | 42400571/21.10.24 | 230000 |

23 വാർഡുകൾക്കും 20000 രൂപ വീതമാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ 22, 23 വാർഡുകൾക്ക് രണ്ട് ഗഡുക്കളായി ആകെ അനുവദിച്ച 40000 രൂപ (20000*2) ചെലവഴിച്ചതിന്റെ രേഖകളും വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.43/17.9.2025) വിനിയോഗവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. വിനിയോഗവിവരങ്ങളുടെ അഭാവത്തിൽ ₹40000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-23 ഇടവിളകൃഷി വിത്ത് കിറ്റ് വിതരണം-നിർവ്വഹണത്തിലെ അപാകങ്ങൾ- 230500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രൊജക്റ്റ് നമ്പർ, പേര് | 219/25, ഇടവിളകൃഷി വിത്ത് കിറ്റ് വിതരണം (സ്പിൽ ഓവർ) |
| അടങ്കൽ | ₹230500 (വികസനഫണ്ട് ജനറൽ) |
| ചെലവ് | ₹230500 ബിൽ നമ്പർ 4/9.5.24 |

ഗുണഭോക്താക്കൾക്ക് ഇടവിള കൃഷിക്കാവശ്യമായ വിത്ത് കിറ്റ് വിതരണം ചെയ്യുന്നതിന് വേണ്ടിയാണ് പ്രോജക്റ്റ് തയ്യാറാക്കിയത്. പ്രോജക്റ്റ് നിർവഹണവുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയിട്ടുള്ള അപാകങ്ങൾ താഴെ ചേർക്കുന്നു.

1. ബിൽ നമ്പർ 4/9.5.24 പ്രകാരം 461 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി ഇഞ്ചി, മഞ്ഞൾ, ചേന, ചേമ്പ് എന്നിവ ഉൾപ്പെടുന്ന 461 കിറ്റുകൾക്കായി കിറ്റ് ഒന്നിന് 500 രൂപ നിരക്കിൽ ₹230500 കാർഷിക വികസന കർഷകക്ഷേമവകുപ്പ് ഓർഗാനിക് ഡെവലപ്മെന്റ് സമിതി എക്കോ ഷോപ്പ്, നീലേശ്വരം- ത്തിന് നൽകിയിട്ടുണ്ട്. പതിനാലാം പഞ്ചവത്സരപദ്ധതി സബ്സിഡി മാർഗരേഖ (സ.ഉ.(കൈ.) നം.115/2022 തസ്വഭവ തീ.28.05.2022) പ്രകാരം വിത്തുകൾ, നടീൽ വസ്തുക്കൾ എന്നിവ കൃഷി വകുപ്പ് ഫാമുകൾ, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സംസ്ഥാനവിത്ത് വികസന അതോറിറ്റി, വിവിധ പദ്ധതികൾ പ്രകാരം സ്ഥാപിച്ചിട്ടുള്ള നഴ്സറികൾ സീഡ് മൾട്ടിപ്ലിക്കേഷൻ യൂണിറ്റുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും വാങ്ങാനാണ് നിർദ്ദേശിച്ചിരിക്കുന്നത്. അല്ലാത്തപക്ഷം കൃഷി വകുപ്പിന്റെ ലൈസൻസുള്ളതോ വകുപ്പിന്റെ ധനസഹായത്തോടെയോ പ്രവർത്തിക്കുന്ന നഴ്സറികളിൽ നിന്നും വാങ്ങൽ നടപടികൾ പാലിച്ചുകൊണ്ട് വാങ്ങാവുന്നതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കാർഷിക വികസന കർഷകക്ഷേമവകുപ്പ് ഓർഗാനിക് ഡെവലപ്മെന്റ് സമിതി എക്കോ ഷോപ്പ്, നീലേശ്വരം വാങ്ങൽ നടപടികൾ കൂടാതെ വിത്തുകൾ വാങ്ങുന്നതിന് അനുമതിയുള്ള സ്ഥാപനമാണ് എന്ന് വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല.

2. ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി വാങ്ങിയ വിത്ത് കിറ്റിൽ ഉൾപ്പെടുത്തിയ ഇഞ്ചി, മഞ്ഞൾ, ചേന, ചേമ്പ് എന്നിവയുടെ തൂക്കം, കണക്കാക്കിയ യൂണിറ്റ് കോസ്റ്റ് എന്നീ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

കർഷകർക്ക് നൽകുവാനുള്ള വിത്ത് കിറ്റ് വാങ്ങിയത് കൃഷിവകുപ്പിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്ന ഇക്കോഷോപ്പിൽ നിന്നാണെന്നും കൃഷിവകുപ്പിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനം എന്ന നിലയിലാണ് വാങ്ങൽ നടപടികൾ ഇല്ലാതെ പർച്ചേസ് ഓർഡർ നൽകിയതെന്നും ഇതു സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. യൂണിറ്റിന് 500 രൂപ പ്രകാരമാണ് ഇഞ്ചി മഞ്ഞൾ, ചേന, ചേമ്പ് എന്നീ ഇനങ്ങൾ കർഷകർക്ക് നൽകിയതെന്നും ഇനങ്ങളുടെ തൂക്കം പദ്ധതി രൂപീകരണ സമയത്ത് നൽകാതിരുന്നത് പദ്ധതി നിർവഹണസമയത്ത് നടീൽ വസ്തുക്കളുടെ വിലയിൽ ഉണ്ടാകുന്ന വ്യത്യാസം കൊണ്ടാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

കൃഷിവകുപ്പിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും വിത്തുകളും തൈകളും വാങ്ങുന്നതിന് മുമ്പായി വാങ്ങൽ നടപടികൾ സ്വീകരിക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളതിനാലും കിറ്റിൽ ഉൾപ്പെടുത്തിയ ഇനങ്ങളുടെ തൂക്കം, യൂണിറ്റ് കോസ്റ്റ് എന്നീ വിവരങ്ങൾ ലഭ്യമാക്കാത്തതിനാലും പ്രൊജക്ടിനായുള്ള 230500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24 കവുങ്ങ് കൃഷി വികസനം- നിർവ്വഹണത്തിലെ അപാകങ്ങൾ- 45000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രൊജക്റ്റ് നമ്പർ, പേര് | 225/25, കവുങ്ങ് കൃഷി വികസനം (സ്പിൽ ഓവർ) |
| അടങ്കൽ | ₹ 45000 (വികസനഫണ്ട് – ജനറൽ) |
| ചെലവ് | ₹ 45000, ബിൽ നമ്പർ 5/9.5.24 |

ഗുണഭോക്താക്കൾക്ക് 10 കവുങ്ങിൻ തൈകൾ വീതം വിതരണം ചെയ്യുന്നതിന് വേണ്ടിയാണ് പ്രോജക്റ്റ് തയ്യാറാക്കിയത്. പ്രോജക്റ്റിന്റെ നിർവഹണവുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയിട്ടുള്ള അപാകങ്ങൾ താഴെ ചേർക്കുന്നു.

1. ബിൽ നമ്പർ 5/9.5.24 പ്രകാരം 150 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി 1500 കവുങ്ങിൻ തൈകൾ 40രൂപ നിരക്കിൽ വാങ്ങുന്നതിനായി ഗുണഭോക്തൃവിഹിതമിനത്തിൽ 15000 രൂപയും ബിൽ നമ്പർ 5/9.5.24 പ്രകാരം 45000 രൂപയും കാർഷിക വികസന കർഷകക്ഷേമവകുപ്പ് ഓർഗാനിക് ഡെവലപ്മെന്റ് സമിതി എക്കോ ഷോപ്പ്, നീലേശ്വരത്തിന് നൽകിയിട്ടുണ്ട്. പതിനാലാം പഞ്ചവത്സരപദ്ധതി സബ്സിഡി മാർഗരേഖ (സ.ഉ.(കൈ.) നം.115/2022

തസ്വഭവ തീ.28.05.2022) പ്രകാരം വിത്തുകൾ, നടീൽ വസ്തുക്കൾ എന്നിവ കൃഷി വകുപ്പ് ഫാമുകൾ, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സംസ്ഥാനവിത്ത് വികസന അതോറിറ്റി, വിവിധ പദ്ധതികൾ പ്രകാരം സ്ഥാപിച്ചിട്ടുള്ള നഴ്സറികൾ സീഡ് മൾട്ടിപ്ലിക്കേഷൻ യൂണിറ്റുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും വാങ്ങാനാണ് നിർദ്ദേശിച്ചിരിക്കുന്നത്. അല്ലാത്തപക്ഷം കൃഷി വകുപ്പിന്റെ ലൈസൻസുള്ളതോ വകുപ്പിന്റെ ധനസഹായത്തോടെയോ പ്രവർത്തിക്കുന്ന നഴ്സറികളിൽ നിന്നും വാങ്ങൽ നടപടികൾ പാലിച്ചുകൊണ്ട് വാങ്ങാവുന്നതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഓർഗാനിക് ഡെവലപ്മെന്റ് സമിതി എക്കോ ഷോപ്പ്, നീലേശ്വരം വാങ്ങൽ നടപടികൾ കൂടാതെ വിത്തുകൾ വാങ്ങുന്നതിന് അനുമതിയുള്ള സ്ഥാപനമാണ് എന്ന് വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല.

2. കാർഷിക വികസന കർഷകക്ഷേമവകുപ്പ് ഓർഗാനിക് ഡെവലപ്മെന്റ് സമിതി എക്കോ ഷോപ്പ്, നീലേശ്വരം എന്ന സ്ഥാപനത്തിൽ നിന്നും 1500 കവുങ്ങിൻ തൈകൾ 40രൂപ നിരക്കിലാണ് വാങ്ങിയിട്ടുള്ളത്. അഗ്രിക്കൾച്ചറൽ ഡെവലപ്മെന്റ് & ഫാർമേഴ്സ് വെൽഫയർ ഡിപ്പാർട്ട്മെന്റിന്റെ ADFW/225/2021-TH1 തീ.23.2.2021 നമ്പർ ഉത്തരവ് പ്രകാരം വിവിധ ഇനം കവുങ്ങിൻ തൈകളായ മോഹിത് നഗർ-30രൂപ, രത്നഗിരി-30രൂപ, കുള്ളൻ ഇനം – 30രൂപ, മംഗള – 20രൂപ, മറ്റുള്ളവ – 12രൂപ എന്ന പ്രകാരമാണ് യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചിട്ടുള്ളത്. കാർഷിക വികസന കർഷകക്ഷേമവകുപ്പ് ഓർഗനിക് ഡെവലപ്മെന്റ് സമിതി എക്കോ ഷോപ്പ്, നീലേശ്വരം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയ കവുങ്ങിൻ തൈകളുടെ ഇനം ഏതെന്നും അവ 40 രൂപ നിരക്കിൽ വാങ്ങിയതിന്റെ കാരണവും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

കർഷകർക്ക് നൽകുവാനുള്ള കവുങ്ങിൻ തൈകൾ വാങ്ങിയത് കൃഷിവകുപ്പിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്ന ഇക്കോഷോപ്പിൽ നിന്നാണെന്നും കൃഷിവകുപ്പിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനം എന്ന നിലയിലാണ് വാങ്ങൽ നടപടികൾ ഇല്ലാതെ പർച്ചേസ് ഓർഡർ നൽകിയതെന്നും ഇതു സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ 2021ലെ ഉത്തരവ് പ്രകാരമുള്ള യൂണിറ്റ് വിലയേക്കാൾ പദ്ധതി നിർവഹണ സമയത്ത് നടീൽ വസ്തുക്കളുടെ വില കൂടിയതിനാലാണ് കൂടുതൽ വില നൽകേണ്ടി വന്നതെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. എന്നാൽ കവുങ്ങിൻ തൈയുടെ ഏതിനമാണ് വിതരണം ചെയ്തതെന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല. കൃഷിവകുപ്പിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും വിത്തുകളും തൈകളും വാങ്ങുന്നതിന് മുമ്പായി വാങ്ങൽ നടപടികൾ സ്വീകരിക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളതിനാലും, കാർഷികവികസന കർഷക ക്ഷേമ വകുപ്പിന്റെ 2021-ലെ ഉത്തരവിനെക്കാൾ കൂടുതൽ വില ഇത്തരം സ്ഥാപനങ്ങൾക്ക് അനുവദിക്കുന്നതിനുള്ള മറ്റ് ഉത്തരവുകളോ രേഖകളോ പരിശോധനക്ക് ലഭ്യമാക്കാത്തതിനാലും പ്രൊജക്ടിനായുള്ള തൻവർഷത്തെ 45000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25 മുൻകൂർ തുക നല്കിയിട്ടും ഹോമിയോ മരുന്ന് ലഭ്യമാക്കിയിട്ടില്ല- ₹2,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം |
| പ്രോജക്ട് നമ്പർ /പേര് | 198/25 ഗവൺമെന്റ് ഹോമിയോ ഡിസ്പൻസറികൾക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹2,00,000 മെയിന്റനൻസ് ഫണ്ട് - റോഡിതരം<br>₹5000 (ധനകാര്യ കമ്മീഷൻ അവാർഡ്) ആകെ – ₹205000 |
| ചെലവ് | ₹1,00,000 ബിൽ നമ്പർ : 465/11.02.2025<br>₹1,00,000 ബിൽ നമ്പർ : 466/11.02.2025<br>₹2,00,000 |

മേൽ പ്രോജക്ട് പ്രകാരം കുന്നുംകൈ എസ്.സി.പി ഹോമിയോ ഹെൽത്ത് സെന്ററിലേക്ക് മരുന്ന് വാങ്ങുന്നതിനായി ₹1,00,000 യും (മെഡിസിൻ ഓർഡർ നമ്പർ-13801/2024-2025/2 തീയതി 15-01-2025) ചിറക്കൽ എ.പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങുന്നതിനായി ₹1,00,000 യും (മെഡിസിൻ ഓർഡർ നമ്പർ-13N11/2024-2025/3 തീയതി 12-01-2025) കൂടി ആകെ ₹2,00,000 കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് മാനേജിംഗ് ഡയറക്ടരുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ-34306403911) കൈമാറിയിട്ടുണ്ട്. എന്നാൽ മരുന്ന് ലഭ്യമായതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ 11/10-092025 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ലെന്നും മരുന്നുകൾ ലഭ്യമായാൽ രേഖകൾ ലഭ്യമാക്കുന്നതാണെന്നും നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നല്കിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകാത്തതിനാൽ ₹2,00,000 യുടെ ചെലവ്

തടസ്സപ്പെടുത്തുന്നു.

## 1-26 ജാഗ്രത സമിതിക്ക് പരാതി ബോക്സും ഇൻഫർമേഷൻ ബോർഡും - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ, ₹94,630 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ, പേര് | 418/25, ജാഗ്രത സമിതിക്ക് പരാതി ബോക്സും ഇൻഫർമേഷൻ ബോർഡും |
| അടങ്കൽ | ₹95,000 മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ചെലവ് | ₹94,630 ബിൽ നമ്പർ 646/18-3-25 |

ജാഗ്രതാസമിതികൾക്ക് പരാതിപ്പെട്ടി, ഇൻഫർമേഷൻ ബോർഡ്, രജിസ്റ്ററുകൾ എന്നിവ വാങ്ങുന്നതിനായി തയ്യാറാക്കിയ പ്രൊജക്ടിൽ ടെണ്ടർ വിളിക്കുകയും പങ്കെടുത്ത 3 സ്ഥാപനങ്ങളിൽ ഏറ്റവും കുറവ് നിരക്ക് ക്വാട്ട് ചെയ്ത കീർത്തി യൂണിഫോംസ് & മാച്ചിംഗ് സെന്റർ, പയ്യന്നൂർ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിന് പർച്ചേസ് ഓർഡർ (തീയതി രേഖപ്പെടുത്തിയിട്ടില്ല) നൽകുകയും ചെയ്തിട്ടുണ്ട്. പ്രൊജക്ട് നിർവഹണത്തിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1) 24 പരാതിപ്പെട്ടി, 23 ചെറിയ നെയിംബോർഡ്, 1 വലിയ നെയിംബോർഡ്, 48 പരാതി രജിസ്റ്റർ എന്നിവ വാങ്ങുന്നതിനാണ് ടെണ്ടർ പരസ്യത്തിൽ വിഭാവനം ചെയ്തിട്ടുള്ളത്. ബോക്സ്, നെയിംബോർഡ് എന്നിവയുടെ സ്പെസിഫിക്കേഷൻ ടെണ്ടർ പരസ്യത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് ഫയലിൽ ലഭ്യമല്ല.

2) പർച്ചേസ് ഓർഡർ കൈപ്പറ്റിയ ഉടനെ ഐ.സി.ഡി,എസ് സൂപ്പർവൈസറുമായി കരാറിൽ ഏർപ്പെടാൻ കീർത്തി യൂണിഫോംസ് & മാച്ചിംഗ് സെന്റർ, പയ്യന്നൂർ എന്ന സ്ഥാപനത്തിന് കത്ത് നൽകിയിട്ടുണ്ടെങ്കിലും കരാർ ഉടമ്പടി തയ്യാറാക്കി ഇരുകക്ഷികളും ഒപ്പുവച്ചിട്ടില്ല.

3) ടെണ്ടറിൽ പങ്കെടുത്ത 3 സ്ഥാപനങ്ങളിൽ MJS Enterprices, GEM Enterprices എന്നീ സ്ഥാപനങ്ങൾ പരാതിപ്പെട്ടിയുടെയും നെയിംബോർഡിന്റെയും നിർമ്മാണ വസ്തുവിന്റെ ഗേജ് അടക്കമാണ് തുക ക്വാട്ട് ചെയ്തിട്ടുള്ളത്. കീർത്തി യൂണിഫോംസ് & മാച്ചിംഗ് സെന്ററിന്റെ ടെണ്ടറിൽ മോഡൽ 1,2,3 എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ടെണ്ടർ നോട്ടീസിൽ നിർമ്മാണ വസ്തുവിന്റെ ഗേജ് എത്രയാണെന്ന് വ്യക്തമാക്കിയിട്ടില്ല. കീർത്തി യൂണിഫോംസ് ലഭ്യമാക്കിയ പരാതിപ്പെട്ടിയുടെയും നെയിംബോർഡിന്റെയും ഗുണമേന്മ ക്ഷമതയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4) മേല്പറഞ്ഞ ബിൽ പ്രകാരം ₹94,630 കീർത്തി യൂണിഫോംസിന് കൈമാറിയിട്ടുണ്ട്. ₹87830 രൂപയുടെ ടാക്സ് ഇൻവോയ്സ് (നമ്പർ A107/24-03-2025) മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ബാക്കി ₹6800 യുടെ ചെലവ് രേഖകൾ ഫയലിൽ ലഭ്യമല്ല. കീർത്തി യൂണിഫോംസിന്റെ ടെണ്ടറിൽ ₹87830 യുടെ ചെലവിന് അടിസ്ഥാനമായ നിരക്കുകൾ മാത്രമാണ് ക്വാട്ട് ചെയ്തിട്ടുള്ളത്.

5) ഇൻവോയ്സ് നമ്പർ A107/24-03-2025 പ്രകാരം 4x2 നെയിംബോർഡ് ഒരെണ്ണം, 3x1.5 നെയിംബോർഡ് 23 എണ്ണം, പരാതിപ്പെട്ടി 24 എണ്ണം, രജിസ്ററുകൾ 48 എണ്ണം എന്നിവയാണ് ലഭ്യമാക്കിയിട്ടുള്ളത്. പരാതിപ്പെട്ടി, നെയിംബോർഡുകൾ എന്നിവ എവിടെയാണ് സ്ഥാപിച്ചതെന്ന് വ്യക്തമാക്കുന്ന സാക്ഷ്യപത്രം സ്ഥാപനം ലഭ്യമാക്കിയിട്ടില്ല.

6) പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 31/16.09.2025) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും വിശദീകരണങ്ങളുടെയും അഭാവത്തിൽ ₹94,630 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-27 സ്ത്രീധന വിരുദ്ധ പ്രചാരണ ക്യാമ്പയിൻ - ചെലവ് രേഖകളിലെ അപാകങ്ങൾ - ₹4,980 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ, പേര് | 44/25, സ്ത്രീധന വിരുദ്ധ പ്രചാരണ ക്യാമ്പയിൻ |
| അടങ്കൽ | ₹5,000 തനത് ഫണ്ട് |
| ചെലവ് | ₹4,980 ബിൽ നമ്പർ 290/10-12-24 |

4-10-2024 ലെ 1/73 നമ്പർ ഭരണസമിതി തീരുമാന പ്രകാരം 23-10-2024 ന് ചിറക്കൽ സർവ്വീസ് സഹകരണ ബാങ്ക് ഹാളിൽ വച്ച് നടത്തിയ സ്ത്രീധന വിരുദ്ധ പ്രചാരണ ക്യാമ്പയിനിൽ പങ്കെടുത്തവർക്ക് ചായയും ലഘുഭക്ഷണവും നൽകുന്നതിനാണ് മേല്പറഞ്ഞ ബിൽ പ്രകാരം തുക ചെലവഴിച്ചിട്ടുള്ളത്. ക്യാമ്പയിന് ആകെ 73 പേർ പങ്കെടുത്തതിന്റെ ലിസ്റ്റ് ഫയലിൽ ലഭ്യമാക്കിയിട്ടുണ്ട്. ചിറക്കൽ ഗ്രാമ പഞ്ചായത്തിന് സമീപമുള്ള കുടുംബശ്രീ തട്ടുകടയുടെ 98/23-20-2024 നമ്പർ ബിൽ പ്രകാരം 265 ചായയുടെയും 150 കടിയുടെയും വിലയായി ₹4,980യാണ് (265x12 + 150x12) ഉടമ ശ്രീ. സജിത്ത്കുമാറിന് കൈമാറിയിട്ടുള്ളത്. പൊരുത്തക്കേടിനുള്ള കാരണം അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (32/16-09-2025) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും വിശദീകരണങ്ങളുടെയും അഭാവത്തിൽ ₹4,980 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-28 മെൻസ്ട്രുവൽ കപ്പ് വിതരണം – പ്രോജക്ട് നിർവഹണം സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയില്ല– ₹514787യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി |
| പ്രോജക്ട് നമ്പർ, പേര് | 417/25, മെൻസ്ട്രുവൽ കപ്പ് വിതരണം |
| അടങ്കൽ | ₹7,42,800 മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ചെലവ് | ₹514787, ബിൽ നമ്പർ 626/21-3-2025 |

മെൻസ്ട്രുവൽ കപ്പ് വിതരണം ചെയ്യുന്നതിനായി തയ്യാറാക്കിയ പ്രൊജക്ടാണിത്. ഇതിനായി എച്ച്.എൽ.എൽ ലൈഫ്കെയർ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും 1716 മെൻസ്ട്രുവൽ കപ്പ് വാങ്ങുന്നതിനായി 379/20-03-2025 നമ്പർ പ്രഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ ബിൽപ്രകാരം ₹514787 എച്ച് എൽ എൽ ലൈഫ്കെയറിന് കൈമാറിയിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. പ്രോജക്ടിന്റെ പകർപ്പ്, പ്രോജക്ട് പ്രകാരം ആനുകൂല്യം അനുദിക്കുന്നതിനുള്ള ഗുണഭോക്തൃ ലിസ്റ്റ്, എച്ച് എൽ എൽ ലൈഫ്കെയറിന് നൽകിയ സെയിൽസ് ഓർഡർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പദ്ധതിയിൽ എത്ര ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്നു എന്ന് വ്യക്തമല്ല.

2. പ്രഫോർമ ഇൻവോയ്സിൽ കപ്പുകളുടെ സൈസ് രേഖപ്പെടുത്തിയിട്ടില്ല. പർച്ചേസ് ഓർഡർ ഫയലിൽ ലഭ്യമല്ലാത്തതിനാൽ ഏത് സൈസിലുള്ള കപ്പ് എത്ര എണ്ണം വീതമാണ് ആവശ്യപ്പെട്ടതെന്ന് വ്യക്തമല്ല.

3. മെൻസ്ട്രുവൽ കപ്പുകൾ ലഭിച്ചതിന്റെയും സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ ലഭ്യമാക്കിയിട്ടില്ല.

4. പ്രൊജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

അപാകങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (44/17-09-2025) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖളുടെയും വിശദീകരണങ്ങളുടെയും അഭാവത്തിൽ ₹514787യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-29 പി എച്ച് സി ക്ക് ഇൻവെർട്ടർ വാങ്ങൽ – രേഖകൾ ലഭ്യമാക്കിയില്ല – ₹2,61,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു..

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി |
| പ്രോജക്ട് നമ്പർ, പേര് | 361/25, പി എച്ച് സി ക്ക് ഇൻവെർട്ടർ വാങ്ങൽ (സ്പിൽ ഓവർ) |
| അടങ്കൽ | ₹3,00,000 മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ചെലവ് | ₹2,61,000 ബിൽ നമ്പർ 336/12-12-2024 |

പി എച്ച് സി യിൽ ഇൻവെർട്ടർ സ്ഥാപിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് അറിയിച്ചത് പ്രകാരം ഇൻവെർട്ടർ

സ്ഥാപിക്കുന്നതിനായുള്ള തുക വകുപ്പിന്റെ ഹെഡ് ഓഫ് അക്കൗണ്ട് ആയ 8443-00-108 PW ലേക്ക് മേൽ ബിൽ പ്രകാരം ₹2,61,000 ട്രഷറി ചലാൻ (8/12-12-2024, ജില്ലാ ട്രഷറി കണ്ണൂർ) വഴി ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രോജക്ട് നിർവഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. പ്രോജക്ടിന്റെ പകർപ്പ്, എസ്റ്റിമേറ്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. ഇൻവെർട്ടർ ലഭിച്ചതിന്റെയും സ്ഥാപനത്തിൽ സ്ഥാപിച്ചതിന്റെയും രേഖകൾ ഫയലിൽ ലഭ്യമല്ല.

4. പ്രൊജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.
രേഖകൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 45/17.09.2025) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രൊജക്ട് നിർവ്വഹണം സംബന്ധിച്ച രേഖകളുടെ അഭാവത്തിൽ ₹2,61,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-30 ചിറക്കൽ പി എച്ച് സി യിൽ താത്കാലികമായി നിയമിച്ച ജീവനക്കാർക്ക് ഹോണറേറിയം നൽകൽ – ചെലവ് രേഖകൾ ലഭ്യമാക്കിയില്ല– ₹51,035 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി |
| പ്രോജക്ട് നമ്പർ, പേര് | 149/25, ചിറക്കൽ പി എച്ച് സി യിൽ എൽ എസ് ജി ഡി മുഖേന താത്കാലികമായി നിയമിച്ച ജീവനക്കാർക്ക് ഹോണറേറിയം നൽകൽ |
| അടങ്കൽ | ₹6,50,000 വികസന ഫണ്ട് ജനറൽ<br>₹545940 തനത് ഫണ്ട്<br>ആകെ ₹1195940 |
| ചെലവ് | ₹6,49,820 വികസന ഫണ്ട് ജനറൽ<br>₹3,80,545 തനത് ഫണ്ട്<br>ആകെ ₹10,30,365 |

ചിറക്കൽ പി എച്ച് സി യിൽ എൽ.എസ്.ജി.ഡി. മുഖേന താത്കാലികമായി നിയമിച്ച ജീവനക്കാർക്ക് ഹോണറേറിയം നൽകൽ എന്ന മേൽ പ്രൊജക്ടിൽ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച ₹3,80,545 (സുലേഖ ചെലവ് പത്രിക പ്രകാരം) യിൽ ₹3,29,510 രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. ബാക്കി ₹51,035 യുടെ ചെലവ് രേഖകളും പ്രോജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ടും ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (46/17-09-2025) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹51,035 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-31 കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ (സ്പിൽ ഓവർ) – ചെലവ് രേഖകൾ ലഭ്യമാക്കിയില്ല – ₹27,670 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി |
| പ്രോജക്ട് നമ്പർ, പേര് | 378/25, കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ (സ്പിൽ ഓവർ) |
| അടങ്കൽ | ₹5,19,100 ഹെൽത്ത് ഗ്രാന്റ് |
| ചെലവ് | ₹4,99,253 |

കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ എന്ന പ്രോജക്ടിൽ ഹെൽത്ത് ഗ്രാന്റിൽ നിന്നും ചെലവഴിച്ച ₹4,99,253 യിൽ ₹4,71,583 രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. ബാക്കി ₹27,670 (ബിൽ നമ്പർ 621/19-03-2025, ACR പ്രകാരം) യുടെ ചെലവ് രേഖകളും പ്രോജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ടും ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (47/17-09-2025) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹27,670 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-32 ലൈഫ് ഭവന നിർമ്മാണം - പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായ ലൈഫ് 2020-ജനറൽ, ലൈഫ് 2020- പട്ടികജാതി, ലൈഫ് ഭവന പദ്ധതി അഡീഷണൽ എസ് സി എന്നീ ഭവനനിർമ്മാണ പ്രോജക്ടുകളുടെ ഭാഗമായി 2022-23, 2023-24 വർഷങ്ങളിൽ ആദ്യ ഗഡു തുക കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെയായും ഭവന നിർമ്മാണം ആരംഭിക്കുകയോ/ പൂർത്തിയാക്കുകയോ ചെയ്തിട്ടില്ല.

1. ലൈഫ് 2020-ജനറൽ

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ആദ്യഗഡു കൈപ്പറ്റിയ തീയതി, തുക | ആകെ അനുവദിച്ച തുക ₹ | നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ പുരോഗതി വിവരം |
|---|---|---|---|---|
| 1 | സുനിൽകുമാർ ബി | 8-2-2023, ₹40000 | 200000 | ഗുണഭോക്താവ് മരണപ്പെട്ടു. നിലവിൽ ഭവനനിർമ്മാണം പുനരാരംഭിച്ചിട്ടുണ്ട്. |
| 2 | മുനീർ പി എം | 14-5-2023, ₹40000 | 240000 | നിർമ്മാണം പൂർത്തീകരിച്ചു. അവസാനഗഡു നൽകിയിട്ടില്ല. |
| 3 | വി പ്രസന്നകുമാരി, വാക്കീൽ ഹൗസ് | 14-5-2023, ₹40000 | 300000 | 02-04-2025 ന് നോട്ടീസ് നൽകിയിട്ടും നാളിതുവരെയായി പുരോഗതി ഇല്ലാത്തതിനാൽ റവന്യൂ റിക്കവറിക്ക് ശിപാർശ നൽകുന്നതാണ്. |

2. ലൈഫ് 2020-പട്ടികജാതി

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ആദ്യഗഡു കൈപ്പറ്റിയ തീയതി, തുക | ആകെ അനുവദിച്ച തുക ₹ | നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ പുരോഗതി വിവരം |
|---|---|---|---|---|
| 1 | സുന കെ, പുറത്തേവളപ്പിൽ, അരയമ്പേത്ത് | 20-3-2023, ₹40000 | 300000 | ഭവനനിർമ്മാണം അവസാന ഘട്ടത്തിലാണ്. |
| 2 | കെ ചിത്ര, കൊയ്യോൻ ഹൗസ്, കുന്നുംകൈ | 16-9-2023, ₹40000 | 330000 | നിർമ്മാണം പൂർത്തീകരിച്ചു. അവസാനഗഡു നൽകിയിട്ടില്ല. |
| 3 | ഷംന പി, കൊയിലേര്യൻ, കാട്ടാമ്പള്ളി | 30-5-2023, ₹40000 | 290000 | ഭവനനിർമ്മാണം അവസാന ഘട്ടത്തിലാണ്. |
| 4 | മഹേശ്വരി എം | 16-9-2023, ₹40000 | 200000 | ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. |
| 5 | അമല എം | 16-9-2023, ₹40000 | 300000 | നിർമ്മാണം പൂർത്തീകരിച്ചു. അവസാനഗഡു നൽകിയിട്ടില്ല. |

3. ലൈഫ് ഭവനനിർമ്മാണ പദ്ധതി - അഡീഷണൽ, പട്ടികജാതി

| ക്രമ | ഗുണഭോക്താവിന്റെ | ആദ്യഗഡു | ആകെ | നിർവ്വഹണ ഉദ്യോഗ സ്ഥൻ |
|---|---|---|---|---|

| നമ്പർ | പേര് | കൈപ്പറ്റിയ തീയതി, തുക | അനുവദിച്ച തുക ₹ | ലഭ്യമാക്കിയ പുരോഗതി വിവരം |
|---|---|---|---|---|
| 1 | കുശല എ, സംഘം കോട്ടേജ്, പുതിയതെരു | 23-7-2021, ₹40000 | 350000 | നിർമ്മാണം പൂർത്തീകരിച്ചു. അവസാനഗഡു നൽകിയിട്ടില്ല. |
| 2 | സിൽജ പി, കൊയിലേര്യൻ, കല്ലടത്തോട് | 24-6-2023, ₹40000 | 40000 | നാളിതുവരെയായി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാത്തതിനാൽ തുക തിരിച്ചടക്കാൻ നോട്ടീസ് നൽകിയിട്ടുണ്ട്. |
| 3 | വിമല പി, പനയൻ ഹൗസ്, കുന്നംകൈ | 16-9-2023, ₹40000 | 350000 | നിർമ്മാണം പൂർത്തീകരിച്ചു. അവസാനഗഡു നൽകിയിട്ടില്ല. |
| 4 | നിഥില എ, കൊയിലേര്യൻ, കാട്ടാമ്പള്ളി | 8-12-2023, ₹40000 | 140000 | നിർമ്മാണ പ്രവൃത്തികൾ ഒന്നംതന്നെ നടക്കാത്തതിനാൽ തുക തിരിച്ചടക്കാൻ നോട്ടീസ് നൽകിയിട്ടുണ്ട്. |
| 5 | ഗീത എ, ജെ ആർ ക്വാർട്ടേഴ്സ്, ബാലൻ കിണർ | 22-2-2024, ₹100000 | 310000 | നിർമ്മാണം പൂർത്തീകരിച്ചു. അവസാനഗഡു നൽകിയിട്ടില്ല. |

ആദ്യഗഡു കൈപ്പറ്റി രണ്ട് വർഷങ്ങൾ പിന്നിട്ടിട്ടും നിർമ്മാണം പൂർത്തിയാക്കാത്തവരുടെ ഭവനനിർമ്മാണം എത്രയും പെട്ടെന്ന് പൂർത്തീകരിക്കേണ്ടതും അല്ലാത്ത പക്ഷം അഡ്വാൻസ് നൽകിയ തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ് (എൻക്വയറി നമ്പർ 29/16-09-2025).

## 1-33 മരാമത്ത് പ്രവൃത്തികൾ - മാർഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 17(3)ൽ പഞ്ചായത്ത് നടത്തുന്ന പൊതുമരാമത്ത് പണിയുടെ സംക്ഷിപ്ത വിവരം അടങ്ങിയ ഒരു നോട്ടീസ് അതത് പണിസ്ഥലത്ത് പ്രകടമായി കാണാവുന്ന തരത്തിലും സ്ഥലത്തും പ്രദർശിപ്പിക്കേണ്ടതാണെന്നും, പ്രസ്തുത നോട്ടീസിൽ പണിയുടെ പേര്, എസ്റ്റിമേറ്റ് തുകയും കാലാവധിയും, പണി തുടങ്ങുന്ന തീയതി ചെയ്തു തീർക്കേണ്ട തീയതി, കരാറുകാരന് അനുവദിച്ച ടെൻഡർ നിരക്ക് തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. പ്രവൃത്തി പൂർത്തീകരിച്ച ശേഷം പ്രവൃത്തി നടന്ന സ്ഥലത്ത് പ്രവൃത്തിയുടെ പേര്, വർഷം ചെലവഴിച്ച തുക, ഫണ്ടിന്റെ ഇനം, തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പേര് എന്നിവ ഡിസ്പ്ലേ ബോർഡിൽ രേഖപ്പെടുത്തി പ്രദർശിപ്പിക്കണമെന്നും ഡിസ്പ്ലേ ബോർഡുകൾക്ക് വേണ്ട തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താവുന്നതാണെന്നും സ.ഉ(കൈ) 84/2022/ത.സ്വ.ഭ.വ തീയതി 19.04.2022 പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലെ 14(7) ഖണ്ഡികയിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ പരിശോധിച്ച മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ മേൽ നിർദ്ദേശം പാലിച്ചതായി തെളിയിക്കുന്ന രേഖകളില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (41/16-09-2025) 2025-26 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി ബോർഡ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നല്കിയിട്ടുണ്ട്. പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവഹണത്തിൽ 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെയും, പദ്ധതി മാർഗ്ഗരേഖയിലേയും നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

## 1-34 ആസ്തി പരിപാലനം-കാര്യക്ഷമമാക്കേണ്ടതാണ്

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20-01-2017 ലെ ജി.ഒ(ആർ.ടി) 166/2017/ എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം അംഗീകരിച്ച അസറ്റ് മാനേജ്മെന്റ് മാന്വലിൽ നിർദ്ദേശിച്ച പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും സെക്രട്ടറി കൺവീനറായും വൈസ് പ്രസിഡന്റ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺമാർ, എൽ.എസ്.ജി.ഡി. എൻജിനീയർ, അക്കൗണ്ടന്റ് തുടങ്ങിയവർ ഉൾപ്പെടുന്നമായ ഒരു അസറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി ഗ്രാമ പഞ്ചായത്തിൽ രൂപീകരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

19-04-2022 തീയതിയിലെ സ.ഉ (കൈ) നം.84/2022/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സരപദ്ധതി വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ 6.8 ഖണ്ഡികയിൽ മെയിന്റനൻസ്

ഫണ്ടും ലഭ്യമാക്കുവാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തി വിപുലപ്പെടുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും സ്ഥാപനങ്ങളെ ഉന്നതനിലവാരത്തിലേക്കുയർത്തുന്നതിനും അനുയോജ്യമായ നിർദ്ദേശങ്ങളാണ് ആസ്തി സംരക്ഷണപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. അംഗീകൃത ഏജൻസികളെ ഉപയോഗിച്ച് ജി.ഐ.എസ് സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി ആസ്തി രജിസ്റ്റർ കുറ്റമറ്റതും കാലികവുമാക്കേണ്ടതും തങ്ങളുടെ ഉടമസ്ഥതയിലുള്ള എല്ലാ ആസ്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് തദ്ദേശഭരണസ്ഥാപനം ഉറപ്പുവരുത്തേണ്ടതുമാണ്. എന്നാൽ അസറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി മിനുട്സും ആസ്തി സംരക്ഷണ പദ്ധതി രേഖയും പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (20/12.09.2025) അസ്സറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടില്ലെന്ന് മറുപടി നല്കിയിട്ടുണ്ട്. ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ എന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 218 പ്രകാരം എല്ലാ പൊതുജല മാർഗ്ഗങ്ങളും നദികളുടെ തടങ്ങളും തീരങ്ങളും, ചെറുപുഴകളും, തടാകങ്ങളും കായലുകളും അവയോട് ചേർന്നുകിടക്കുന്ന സ്വകാര്യ വസ്തു അല്ലാത്ത ഭൂമി പഞ്ചായത്തിൽ നിക്ഷിപ്തമാണ്. എന്നാൽ പുറമ്പോക്ക് ഭൂമികളുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്തിലെ പുറമ്പോക്ക് ഭൂമി സംരക്ഷിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ അറിയിക്കുന്നതിനായി നല്കിയ 20/12.09.2025 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് പുറമ്പോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിനായി തഹസിൽദാർക്ക് കത്ത് നല്കിയിട്ടുണ്ടെന്ന് മറുപടി നല്കിയിട്ടുണ്ട്. ആസ്തി സംരക്ഷണ നടപടികൾ കാര്യക്ഷമമാക്കേണ്ടതും, പഞ്ചായത്തിന്റെ അധീനതയിലുള്ള മുഴുവൻ ആസ്തികളും ഉൾപ്പെടുത്തി കാലികമാക്കിയ ആസ്തി രജിസ്റ്റർ പരിശോധനക്കായി ലഭ്യമാക്കേണ്ടതുമാണ്.

## 1-35 ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

